

ഖുത്ബ ●

ഡോ. അബ്ദുർറഹ്മാൻ അസ്സുദൈസ്

# അല്ലാഹു നിശ്ചയിച്ച പരിധികൾ പാലിക്കുക

**കുതന്ത്രം** പ്രയോഗിച്ച് നിയമങ്ങൾ മറികടക്കാൻ ശ്രമിക്കുന്നത് നല്ല വ്യക്തിക്കും സമൂഹത്തിനും ചേർന്നതല്ല. അത് അല്ലാഹു നിശ്ചയിച്ച പരിധികൾ അതിലംഘിക്കാനും നിയമങ്ങൾ മറികടക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമായാൽ ഗൗരവം വീണ്ടും കൂടുന്നു. അല്ലാഹുവിന്റെ നിയമങ്ങളും വിധിവിലക്കുകളും പാലിക്കുന്നതിൽ കൃത്രിമം കാണിക്കുകയും പഴുതുകളന്വേഷിച്ച് രക്ഷപ്പെടാൻ ശ്രമിക്കുകയും സന്ദർഭാനുസാരമല്ലാതെ അവ ഉപയോഗിക്കുകയും ചെയ്യുന്നവർ അല്ലാഹുവിനെതിരെ തന്ത്രങ്ങൾ മെനഞ്ഞ് അവനെ വഞ്ചിക്കാനാണ് ശ്രമിക്കുന്നത്. ഒരു ജനതയുടെ സർവനാശത്തിന് കാരണമാകുന്ന ഗുരുതര പാതകമാണിത്.

അല്ലാഹു നിശ്ചയിച്ച പരിധികൾ ലംഘിച്ചും നിയമങ്ങളിൽ വെള്ളം ചേർത്തുമാണ് മനുഷ്യജീവിതം ഇന്ന് പൊതുവെ നിലനിൽക്കുന്നത്. സാമൂഹിക ജീവിതത്തിലും ഭൗതിക വ്യവഹാരങ്ങളിലും സ്വഭാവ പ്രകൃതത്തിലുമെല്ലാം ഇത് പ്രകടമാണ്. അല്ലാഹുവിന്റെ നിയമങ്ങൾ ലംഘിച്ച് മറ്റ് വഴികൾ തേടുന്നവർ സർവാധിരാജന്റെ ശിക്ഷയും ഇടപെടലും എപ്പോഴും പ്രതീക്ഷിക്കേണ്ടതുണ്ടെന്നാണ് ഖുർആനിക ചരിത്രങ്ങൾ നമ്മെ ഓർമപ്പെടുത്തുന്നത്.

അല്ലാഹുവിന്റെ നിയമങ്ങൾ തന്ത്രങ്ങൾ പ്രയോഗിച്ച് മറികടക്കാൻ ശ്രമിച്ചവരാണ് ജൂതന്മാർ. സാബ്ബത്ത് നാളിൽ അല്ലാഹു നിശ്ചയിച്ച വിലക്ക് തന്ത്രങ്ങളിലൂടെ മറികടക്കാൻ ശ്രമിച്ചപ്പോൾ അവരെ ഒന്നടങ്കം പിടികൂടി അവൻ ശിക്ഷിച്ചു. ഖുർആൻ അത് ഇപ്രകാരം വിശദീകരിക്കുന്നു: “സാബ്ബത്ത് നാളിൽ അല്ലാഹുവിന്റെ പരിധികൾ മറികടന്നവരെ നിങ്ങൾക്ക് നന്നായി അറിയാം. അവരോട് നാം പറഞ്ഞു. നിങ്ങൾ കുരങ്ങന്മാരായികൊള്ളുക. നാനാഭാഗത്തുനിന്നും നിങ്ങളുടെ മേൽ ശകാരവർഷമുണ്ടാവട്ടെ. ഇപ്രകാരം അവരെ നാം അക്കാലക്കാർക്കും പിൻതലമുറക്കും പാഠമാക്കുകയും സൂക്ഷ്മത പാലിക്കുന്നവർക്ക് ഉൽബോധനമാക്കുകയും ചെയ്തു.” ഇപ്രകാരം പല ജനവിഭാഗങ്ങളെയും അല്ലാഹു ശിക്ഷിക്കുകയും നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അല്ലാഹുവിന്റെ നിയമങ്ങൾ ജീവിതം മുഴുവൻ പാലിക്കാൻ നാം ബാധ്യസ്ഥരാണ്. കുതന്ത്രങ്ങൾ പ്രയോഗിച്ച് ഒഴിഞ്ഞ് മാറാൻ ശ്രമിക്കൽ അങ്ങേയറ്റം ഗുരുതരമായ പാപമാണ്. വ്യക്തിപരം, ആത്മീയം, ഭൗതികം തുടങ്ങി എല്ലാ മേഖലകളിലും ഇത് ബാധകമാണ്. അല്ലാഹു നിഷിദ്ധമാക്കിയവ നിഷിദ്ധവും അനുവദിച്ചവയും നിർബന്ധമാക്കിയവയും അപ്രകാരവും പരിഗണിക്കാൻ കഴിയണം. അതിൽ പൂർണ സംതൃപ്തി പ്രകടിപ്പിക്കുകയും വേണം. പഴുതുകൾ തേടി കുതറി മാറാൻ ശ്രമിക്കുന്നത് അല്ലാഹുവിനെ വഞ്ചിക്കുന്നതിന് തുല്യമാണെന്ന് ഇമാം ഇബ്നുൽ ഖയ്യിം വ്യക്തമാക്കിയിട്ടുണ്ട്.

കച്ചവടത്തിൽ പല കൃത്രിമങ്ങളും കാണിക്കുന്നവരുണ്ട്. ഉൽപന്നങ്ങൾക്ക് ഉയർന്നവില നിശ്ചയിച്ച് ഉപഭോക്താക്കളെ പ്രയാസപ്പെടുത്തുക, വിൽക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്ത സാധനങ്ങളുടെ വില കൂട്ടിപ്പറഞ്ഞ് ജനങ്ങളെ വിഡ്ഢികളാക്കുക തുടങ്ങി പലതും നിത്യേന നമ്മുടെ കച്ചവടങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. ഇത് വഞ്ചനയും കുതന്ത്രവും ആയതുകൊണ്ട് തന്നെ നിഷിദ്ധവുമാണ്. ‘കടം’ ഒരു ഭീഷണിയാണ്. കടം കൊടുത്തവൻ അത് വാങ്ങിയവനെ പല നിലക്കും പീഡിപ്പിക്കാം. കൊടുത്തവൻ കച്ചവടക്കാരനാണെങ്കിൽ അവന്റെ ഉൽപന്നങ്ങൾ നിശ്ചിത വിലയ്ക്ക് കടം വാങ്ങിയവന് വിൽക്കുകയും പി

ന്നീട് അതിൽനിന്നും വളരെ ചെറിയ വിലയ്ക്ക് തിരിച്ചു വാങ്ങുകയും ചെയ്യുന്ന ഏർപ്പാട് കച്ചവടമല്ല. അത് പലിശയാണ്. പലിശയാകട്ടെ അതിനിഷിദ്ധവും. അത് തിന്നുന്നവൻ, തീറ്റിക്കുന്നവൻ, എഴുതുന്നവൻ, സാക്ഷി എല്ലാവരും അല്ലാഹുവിന്റെ ശാപത്തിന് വിധേയരാണെന്നാണ് പ്രവാചകൻ പഠിപ്പിക്കുന്നത്. സകാത്തിന്റെ ബാധ്യതകളിൽനിന്നും പഴുതുകൾ തേടി ഒളിച്ചോടാൻ ശ്രമിക്കുന്നവരുമുണ്ട്. ഇത് അല്ലാഹുവിനെ വഞ്ചിക്കുന്ന അക്രമമാണ്. സകാത്തിന്റെ നിസാബ് തികഞ്ഞവൻ വർഷം തികയുന്ന സമയത്ത് അത് മറ്റാർക്കെങ്കിലും കൈമാറുകയോ മറിച്ച് വിൽക്കുകയോ ചെയ്ത് പിന്നീട് തിരിച്ച് വാങ്ങുകയും ചെയ്യുന്ന ചില വക്രബുദ്ധികളുണ്ട്. ഇത്തരം ചതികളും കുതന്ത്രങ്ങളും അല്ലാഹുവും റസൂലും ശക്തമായി വിലക്കിയിട്ടുണ്ട്.

വിവാഹമോചിതയുടെ ജീവനാംശം നൽകാതിരിക്കാൻ ന്യായം തേടൽ, കടം വീട്ടാതിരിക്കാൻ പോംവഴികൾ അന്വേഷിക്കൽ, വിവാഹമോചിതയാക്കാൻ തീരുമാനിച്ച ഭാര്യയുടെ മഹ്റിന്റെ വിഹിതം വിവാഹമോചനോദ്ദേശ്യം മറച്ച് വെച്ച് നേരത്തെ തട്ടിയെടുക്കൽ, ഖുൽഇന് ശ്രമിക്കുന്ന സ്ത്രീകളെ മറ്റ് പലതും പറഞ്ഞ് പീഡിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളെല്ലാം തന്ത്രങ്ങൾ മെനഞ്ഞ് അല്ലാഹുവിന്റെ പരിധികൾ ലംഘിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമാണ്. അല്ലാഹു പറയുന്നു: “ഇവ അല്ലാഹുവിന്റെ പരിധികളാകുന്നു. ആർ ഈ പരിധികൾ ലംഘിക്കുന്നുവോ അവർ അക്രമകാരികളാകുന്നു.” പ്രവാചകൻ(സ) പറഞ്ഞു: “ജൂതന്മാർ സഞ്ചരിച്ചത് പോലെ നിങ്ങളും സഞ്ചരിക്കരുത്. വിലകുറഞ്ഞ തന്ത്രങ്ങളിലൂടെ അല്ലാഹുവിന്റെ വിലക്കുകളെ അവർ അനുവദിച്ച് കളഞ്ഞു.” ഇപ്രകാരം പഴുതുകൾ തേടി അല്ലാഹുവിന്റെ നിയമങ്ങളിൽ നിന്നും രക്ഷപ്പെടാൻ മാർഗമന്വേഷിക്കുന്ന പലരുമുണ്ട്. പരസ്പര വഞ്ചന കാണിച്ചും കൃത്രിമങ്ങൾ നടത്തിയും സന്ദർഭങ്ങളിൽനിന്ന് അടർത്തിമാറ്റിയും അല്ലാഹുവിന്റെ നിയമങ്ങളെ മറികടക്കുന്നവർ വലിയ ദ്രോഹവും അക്രമവുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

അല്ലാഹുവിന്റെ നിയമങ്ങൾ ജീവിതത്തിൽ കർശനമായും പാലിക്കാൻ നാം ബാധ്യസ്ഥരാണ്. അവന്റെ വിധിവിലക്കുകൾ നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാന മാനദണ്ഡമാകണം. കുതന്ത്രങ്ങളിലൂടെ നിയമങ്ങൾ മറികടക്കാൻ ശ്രമിച്ച പൂർവ ജനതകളുടെ ദാരുണാന്ത്യം നമുക്ക് പാഠമാകണം. അടിയുറച്ച ഈമാൻ കൈമുതലാക്കി നാം ജീവിക്കണം. അല്ലെങ്കിൽ ഭയാനകമായ ശിക്ഷയും സർവനാശവുമാണ് നമ്മെ കാത്തിരിക്കുന്നത്. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ■

*(മെയ് 21 വെള്ളിയാഴ്ച മക്കയിലെ മസ്ജിദുൽ ഹറാമിൽ നടത്തിയ ഖുത്ബയുടെ സംഗ്രഹ വിവർത്തനം)*

തയാറാക്കിയത്: **അബൂഅഹ്സൻ**